# അധ്യായം ഇരുപത്തിനാല്

അടിയേറ്റ് സോമൻ കതകിൽ ഇടിച്ചുനിന്നു. അപ്രതീക്ഷിത ആക്രമണത്തിൽ അവൻ ഒന്നു പതറിപ്പോയി. വീടാകെ ഇരുട്ടിലാണ്. എങ്കിലും പുറത്തെ സ്ട്രീറ്റ് ലൈറ്റിൽ നിന്നുള്ള വെളിച്ചം ജാലകത്തിനിടയിലൂടെ അകത്തേക്ക് ചെറുതായി വീഴുന്നുണ്ട്. ഉള്ളിൽ ഭയം ഉരുണ്ടുകയറുന്നു. ആരായിരിക്കും അകത്ത് കടന്നിരിക്കുക. വീട്ടിൽ ആളില്ലായെന്നു കരുതി എത്തുക കള്ളൻ തന്നെ. കള്ളനാണെങ്കിൽ സ്വയരക്ഷയ്ക്ക് പക്കൽ ആയുധങ്ങളുണ്ടാകും. ഏതുവഴിക്കായിരിക്കും ആക്രമണം ഉണ്ടാകുകയെന്നു കരുതുക വയ്യ. ആൾ ആരോഗ്യവാനാണെന്നു അടിയേറ്റപ്പോൾ തന്നെ മനസിലായി. ഏതു വഴിയായിരിക്കും ഇവൻ അകത്തു കയറിയിട്ടുണ്ടാകുക. വാതിലൊക്കെ അടച്ചിട്ടാണ് താൻ കിടന്നത്. വാതിൽ പൊളിച്ചിട്ട് അകത്തു കയറിയിരുന്നെങ്കിൽ ശബ്ദം കേൾക്കേണ്ടതാണ്. ഇനി കള്ളനെപ്പേടിച്ചു പിൻവാങ്ങിയാൽ മോഷണത്തിനു പിന്നിൽ താൻ തന്നെയായിരിക്കും എന്നായിരിക്കും ഒരു പക്ഷെ വരിക.

വീശിയടിച്ച കാറ്റിൽ ജാലക പാളികൾ കുറച്ചു കൂടി തുറന്നു. അകത്ത് നല്ല വെളിച്ചം പരന്നു. ആ വെളിച്ചത്തിൽ അകത്തു കടന്നുകൂടിയവന്റെ രൂപം വ്യക്തമായി. തടിച്ചുരുണ്ട ഒരു കറുമ്പൻ. ഷേവു ചെയ്യാത്ത മുഖം. മുഷിഞ്ഞിരുണ്ട വേഷം. ബാഹുക്കളിൽ കരുത്തു തെളിഞ്ഞു നിൽക്കുന്നു. തൊട്ടരികത്തിരിക്കുന്ന ചാക്കിൽ എന്തൊക്കെയോ കുത്തിനിറച്ചിരിക്കുന്നു. ഹിന്ദിയിൽ നല്ല ചീത്തപോലും പറയാൻ അറിയില്ല. എങ്കിലും സോമൻ വിളിച്ചു പറഞ്ഞു.

ചോട് ദോ.. ചോട് ദോ..

പെട്ടന്നാണ് അവൻ അരയിൽനിന്ന കത്തിയെടുത്ത് വീശി അലറിയത്- തും മേരാ രാസ്തേ സെ നികൽ ജാവോ...

സോമന്റെ ഹൃദയമിടിപ്പ് നിലച്ചെന്നപോലെയായി. അടിവയറിൽ നിന്നൊരു തീക്കട്ട മുകളിലേക്കുയർന്നു പൊന്തി.  അവൻ കത്തിയെടുത്ത് അരികിലേക്ക് നീങ്ങിവരികയാണ്. ഇല്ല. സോമനെ തോൽപ്പിക്കാൻ ഇവനാകില്ല. മാടനപൊയ്കയിലെ മാടനൊപ്പം ജീവിച്ചവനാണ് സോമൻ. കാടന്മാർക്കു നേരെ കലിയിളകി തുള്ളിയവനാണ് സോമൻ. ഇത്തിരിപ്പോന്ന കാലത്ത് ഇടഞ്ഞ കാളയുടെ കൊമ്പ് കിഴക്കേകണ്ടത്തിൽ കുത്തി താഴ്ത്തിയവനാണ് സോമൻ. പിന്നെയാണോ ഈ കള്ളൻ.

സോമന്റെ നിശബ്ദത കണ്ട് കള്ളൻ കത്തി താഴ്ത്തി പുറത്തേക്കു പോകാനുള്ള ഒരുക്കത്തിലാണ്. കതകിനടുത്തേക്ക് ഒരോ അടിയും ശ്രദ്ധിച്ചാണ് അവൻ വയ്ക്കുന്നത്.

പക്ഷെ കതകു തുറക്കാൻ അവൻ കയ്യെടുത്തപ്പോഴേക്കും സോമൻ പിൻ കഴുത്തിലൂടെ ചുറ്റിപ്പിടിച്ചു. പിടി മുറുകി. അവന്റെ കൈയിൽനിന്നു കത്തി തെറിച്ചുവീണു. ഇരുവരും തറയിലേക്ക് പിടഞ്ഞുവീണു. എങ്കിലും സോമൻ പിടിവിട്ടില്ല. കള്ളൻ സോമന്റെ കയ്യിനുള്ളിൽ കിടന്നു കുതറുകയാണ്. അവനെ പിടിച്ചൊതുക്കാൻ സോമനാകുന്നില്ലായിരുന്നു. തന്നെക്കാളും കരുത്തുള്ളവനാണ് കള്ളൻ. എങ്കിലും അവൻ ഭയപ്പെട്ടിരിക്കുന്നുവെന്നു സോമനു തീർച്ചയായി. മനസുകൊണ്ട് അവൻ പരാജയം സമ്മതിച്ചു കഴിഞ്ഞു. ഇനി രക്ഷപ്പെടാനുള്ള ശ്രമം മാത്രമാണ് അവൻ നടത്തുന്നത്. കഴുത്തിലെ പിടി കുറച്ചൊന്നയഞ്ഞപ്പോൾ കള്ളൻ സോമനിൽനിന്നു കുതറി മാറി. കിട്ടിയ സമയം കൊണ്ട് അവൻ വാതിൽ തുറന്ന് പുറത്തേക്കോടി.

സോമൻ വീടെല്ലാം അരിച്ചുപെറുക്കി. വാതിലോ ജന്നലോ പൊളിച്ചിട്ടില്ല. കതകു തുറന്നാണ് അവൻ കയറിയിരിക്കുന്നത്. കള്ളത്താക്കോൽ ഉപയോഗിച്ചായിരുന്നു കള്ളന്റെ പ്രവേശനം. വാതിലടച്ചുപൂട്ടി അതിൽ താക്കോലും വച്ച് സോമൻ ഉറങ്ങാൻ കിടന്നു. ഇനി ആർക്കും കള്ളത്താക്കോലിട്ടു വാതിൽ തുറക്കാനാവില്ല. പക്ഷെ വാതിലു പൊളിച്ച് വേണമെങ്കിൽ കടക്കാം. അതൊക്കെ ആലോചിച്ചാൽ പിന്നെ സമാധാനത്തോടെ കിടക്കാനാവില്ലെന്നു സോമനു തോന്നി. വരുന്നിടത്ത് വച്ചു കാണാം. ഏതായാലും ഇന്നു വന്നവൻ ഇനി ഈ വഴി വരില്ലെന്നുറപ്പാണ്. സോമൻ പതിയെ ഉറക്കത്തിലേക്കു വീണു.

കഴിഞ്ഞ രാത്രിയിലുണ്ടായ അനുഭവം സോമൻ ആരോടും പറഞ്ഞില്ല. പറിഞ്ഞിട്ടെന്തിന്, തനിക്കു കൂട്ടിനു വന്നു കിടക്കാൻ ഇവിടെ ആരുമുണ്ടാവില്ല. ചേട്ടനോടു പോലും പറയാതിരിക്കുന്നതാണ് നല്ലത്. കള്ളൻ ഒന്നും കൊണ്ടുപോയില്ലല്ലോ. അതു തന്നെ ആശ്വാസം. ഇനിയാരെങ്കിലും വന്നാൽത്തന്നെ അവനെ നേരിടാമെന്ന ധൈര്യവും ഇപ്പോഴുണ്ട്.

ഇന്നു അച്ചൻകുഞ്ഞിനെ കാണണം. കഴിഞ്ഞ ദിവസം കണ്ടപ്പോൾ പറഞ്ഞതാണ്. അച്ചൻ കുഞ്ഞിനു സോമനെ വലിയ ഇഷ്ടമാണ്. സ്നേഹപൂർവം ഇടപെടുന്ന നല്ല സുഹൃത്താണ് അയാളെന്നു സോമനു പലപ്പോഴും തോന്നിയിട്ടുണ്ട്. മറ്റുള്ളവരുടെ വിഷമതകൾ തന്റേതെന്ന പോലെ കരുതുന്നയാൾ. റാഞ്ചി എക്സപ്രസ് എന്ന പത്രത്തിലാണ് അച്ചൻകുഞ്ഞിനു ജോലി. പാർട്ട് ടൈം ജോലിയാണ്. ഹിന്ദിയിൽ മാത്രമാണ് റാഞ്ചി എക്സപ്രസ് ആദ്യം പുറത്തിറങ്ങിയത്. പിന്നീട് ഇംഗ്ലീഷിലുമായി. ധാരാളം വരിക്കാരും ജോലിക്കാരുമുള്ള പത്രമാണ് റാഞ്ചി എക്സ്പ്രസ്.

അച്ചൻ കുഞ്ഞ് അടുത്താഴ്ച നാട്ടിലേക്കു പോകുകയാണ്. ഒരുമാസം അവധിയാണ്. ആ സമയം പകരമായി സോമന് റാഞ്ചി എക്സപ്രസിൽ ജോലി നൽകാമെന്ന് അച്ചൻകുഞ്ഞ് പറഞ്ഞു. രണ്ടു ദിവസം കൂടെ വന്നു നിന്നാൽ പണിയൊക്കെ പഠിക്കാമെന്നു അച്ചൻകുഞ്ഞ് പറഞ്ഞു. മരുഭൂമിയിൽ പെയ്ത കന്നിമഴപോലെയായിരുന്നു

സോമനത്.

പണികിട്ടിയപ്പോൾ ചേട്ടത്തിക്കു വലിയ സ്നേഹമായി. ഉച്ചയ്ക്കു കഴിക്കാൻ ചേട്ടനൊപ്പം ഊണു തന്നുവിടാനും തുടങ്ങി. അധിക നാൾ തോമസിന്റെ വീട്ടിൽ താമസിക്കേണ്ടി വന്നില്ല. തോമസിന്റെ ഒരു അകന്ന ബന്ധു കുടുംബവുമായി റാഞ്ചിയിലെത്തി. അവർക്കു താമസിക്കാൻവേണ്ടി സോമന് വീടൊഴിഞ്ഞുകൊടുക്കേണ്ടിവന്നു. അതു നന്നായെന്നു സോമനും തോന്നി. അവിടെ നിന്നു പരിചയിച്ചാൽ ശരിയാവില്ല. എത്ര ബുദ്ധിമുട്ടുണ്ടെങ്കിലും സ്വന്തം ചേട്ടന്റെ വീട്ടിൽ നിൽക്കുന്നതാണ് ഉത്തമം.

പിന്നെയും ദിവസങ്ങൾ കഴിഞ്ഞു. ഓമന ഹസാരിബാഗിൽനിന്നു വന്നിട്ടുണ്ട്. അവളെയൊന്നു കാണണം. രണ്ടു ദിവസം അവധിയാണെന്നു അറിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിൽ അവൾ വരുമെന്ന് അറിയാമായിരുന്നു. സോമൻ വഴിയിൽ കാത്തുനിന്നു. സോമനിപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പോകാറില്ല. പണിയും പഠിത്തവും ഒപ്പം കൊണ്ടുപോകാനാകുന്നില്ല. പ്രതീക്ഷിച്ചതു പോലെ ഓമനയെത്തി.

എന്തിനാ ഇവിടെ വന്നു നിൽക്കുന്നേ...- ഓമന ചിരിച്ചുകൊണ്ടു ചോദിച്ചു.

വെറുതെ.. ഓമനയെ കാണാൻ ... എന്താ വന്നതു ശരിയായില്ലേ?- സോമൻ പരിഭവിച്ചു.

ഞാൻ വെറുതെ പറഞ്ഞതാണ്.. ഒന്നു കാണണമെന്നു എന്റെ മനസിലും തോന്നിയതേയുള്ളൂ....

അപ്പോ എന്നെ കാണണമെന്നു തോന്നുന്നുണ്ടല്ലേ...

പിന്നെ എനിക്കു കാണേണ്ടായോ...

സോമനു അതു കേട്ടപ്പോൾ മനസിൽ കുളിർമഴ പെയ്തു.

ഒന്നു നന്നായി മിണ്ടാൻ കൂടി കഴിയുന്നില്ല... രാത്രിയിൽ കിടന്നിട്ട് ഉറക്കം പോലും വരുന്നില്ല... -സോമൻ പറഞ്ഞു

അത് പ്രായത്തിന്റേതാ... ഇനിയും എത്ര രാത്രികളാണ് നമ്മൾ കാത്തിരിക്കേണ്ടത്...

എനിക്കു കഴിയുന്നില്ല... നീ പോയിട്ട് ഒരു കത്തുപോലും അയച്ചില്ല...

ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഹോസ്റ്റലിൽ നല്ല അതിനൊന്നും പറ്റില്ല.. പിന്നെ ആരേയും കാണാതെ എഴുതാമെന്നു വച്ചാൽ അതിനും സാധിക്കില്ല...

എനിക്ക് ഒരു പാട് കാര്യങ്ങൾ പറയാനുണ്ട്...

എനിക്കും...- ഓമന നാണിച്ചു.

ഞാൻ... ഞാൻ... ഇന്നു രാത്രി ഓമനയുടെ ക്വാർട്ടേഴ്സിലേക്കു വരട്ടെ... എനിക്കു കുറെ സംസാരിക്കണം...- സോമൻ വിറയലോടെയാണ് അതു പറഞ്ഞത്.

ഓമന അവനെ ആശ്ചര്യത്തോടെ നോക്കി. പിന്നെ ചിരിച്ചു.

എന്തിനാ എന്നെ രാത്രി കാണുന്നത്....

എനിക്കു ഉറക്കം കിട്ടുന്നില്ല...

എന്നെ കണ്ടാൽ ഉറക്കം കിട്ടുമോ....

എനിക്കറിയില്ല....

അതു ശരിയല്ല.... നമ്മൾ എല്ലാം മറന്നു ഒന്നും പ്രവർത്തിച്ചുകൂടാ... ജീവിതത്തിൽ പല ആഗ്രഹങ്ങളും നമ്മെ മാടി വിളിക്കും... അതിൽ നാം വഴുതി വീഴരുത്... പരസ്പരം കാണാതെ ഉറങ്ങാതിരിക്കുന്ന യാമങ്ങൾ നമ്മുടെ സ്നേഹത്തിനു കരുത്തേ പകരൂ....

സോമൻ തിരിച്ചൊന്നും പറയാൻ കഴിഞ്ഞില്ല. താൻ പറഞ്ഞത് ഓമനയ്ക്കു ഇഷ്ടമായില്ലെന്നുണ്ടോ. തന്നെക്കുറിച്ചു എന്തായിരിക്കും അവൾ കരുതിയിരിക്കുക. അവന്റെ മുഖത്തെ ചൈതന്യം വറ്റിയപോലെ തോന്നി. മനസിലുണ്ടായത് അവളെ അറിയിക്കാതിരിക്കാൻ അവൻ ശ്രമിച്ചു.

ഇനിയെന്നാണ് പോയിട്ടു വരിക..?

ഒരു മാസം കഴിഞ്ഞേ വരാനൊക്കൂ... ക്ലാസൊക്കെ തുടങ്ങി...

ഒന്നു കാണാൻ ഞാനെന്തു ചെയ്യും...

കാത്തിരുന്നേ മതിയാകൂ... ഞാൻ പോകട്ടെ....- ഓമന ഇൻസ്റ്റിറ്റ്യൂട്ടിലേക്കു നടന്നു.

അവൾ നടന്നകലുന്നത് അവൻ നിർവികാരനായി നോക്കി നിന്നു. ഹൃദയത്തിൽനിന്ന് എന്തോ പറിച്ചെടുത്തതുപോലെ അവനു തോന്നി. തന്നെക്കുറിച്ച് മോശമായി അവൾക്കു തോന്നിക്കാണുമോ. തന്റെ സൗന്ദര്യമില്ലായ്മയിൽ അലിഞ്ഞു ചേർന്നതാണോ മോശം സ്വഭാവമെന്നു അവൾ കരുതുമോ. അറിയില്ല.

ക്വാർട്ടേഴ്സിൽ തിരിച്ചെത്തിയപ്പോൾ വൈകുന്നേരമായി. ഓമനയെക്കണ്ടതിനു ശേഷം ഹോട്ടലിലേക്കാണ് സോമൻ പോയത്. ഉച്ച വരെ അവിടെ സഹായിച്ചു നിന്നു. ഹോട്ടലിൽ ചെല്ലുന്നത് അപ്പുവിന് വലിയ സഹായമാണ്. ഒരു മാസത്തെ ജോലി കിട്ടിയതിനാൽ അങ്ങോട്ടേയ്ക്കു പതിവായി പോകാൻ കഴിയാറില്ല. ഓമനയെ കാണണമെന്നുദ്ദേശിച്ചു അവധിയെടുത്തതിനാലാണ് ഹോട്ടലിലേക്കു പോകാൻ ഒത്തത്.

ക്വാർട്ടേഴ്സിലെത്തുമ്പോൾ ചേടത്തിയും കുട്ടികളും എവിടെയോ പോകാൻ ഒരുങ്ങി നിൽക്കുകയാണ്. എവിടെയെങ്കിലും വിവാഹ ആഘോഷം ഉണ്ടാകും. ചേട്ടൻ എത്തിയിട്ടില്ല. വിവാഹമുണ്ടെങ്കിൽ ചേട്ടനും എത്തേണ്ടതാണ്. ആവോ എവിടെയെങ്കിലും പോകട്ടെ.

ഞങ്ങൾ സെക്റ്റർ മൂന്നു വരെ പോകുന്നു... തിരിച്ചെത്തുമ്പോൾ രാത്രിയാകും...- പടികടക്കുമ്പോൾ ചേടത്തി വിളിച്ചു പറഞ്ഞു. കുട്ടികളും വലിയ ഉത്സാഹത്തിലാണ്. സോമൻ അവർ പോകുന്നത് നോക്കി നിന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ വീട്ടിലിരിക്കാൻ തോന്നിയില്ല. ഒറ്റയ്ക്കിരിക്കുമ്പോൾ ഓമനയെ ഓർമവരുന്നു. അവൾ തന്നെക്കുറിച്ചു എന്തു കരുതിക്കാണും എന്നോർക്കുമ്പോൾ വല്ലാത്ത ആശങ്ക പെരുക്കുന്നു. സോമൻ ക്വാർട്ടേഴ്സിൽ നിന്നിറങ്ങി. മൈതാനത്തിനരികിലുള്ള മരച്ചുവട്ടിൽ പോയിരിക്കാം. ആരെങ്കിലും വർത്തമാനം പറയാൻ ഉണ്ടാകും. സമയം പോകുന്നതറിയില്ല.

മൈതാനത്തിനരികിലുള്ള വഴിയിലൂടെ നടക്കുമ്പോഴാണ് അച്ചൻകുഞ്ഞിന്റെ പെങ്ങൾ റോസമ്മയെയും മക്കളെയും കണ്ടത്.

എന്നതാ സോമാ... നീ സിനിമയ്ക്കു പോകുന്നില്ലേ... ചേടത്തിയും പിള്ളേരും പോയല്ലോ... ഞങ്ങളും അങ്ങോട്ടാ...- അവർ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഇല്ല... പോകുന്നില്ല... നല്ല സുഖം തോന്നുന്നില്ല.. അതാ...— റോസമ്മയും പിള്ളേരും നടന്നു നീങ്ങി.

സിനിമയ്ക്കു പോകുകയാണെന്നു ഒരു വാക്കു പോലും ചേടത്തി പറഞ്ഞില്ല. കൂടെ കൊണ്ടുപോകാൻ കുറച്ചിലായിരിക്കും. അവരുടെ ഗമയ്ക്കൊത്തവനല്ല എന്ന തോന്നൽ ചേടത്തിക്കുണ്ടായതിൽ ആരെ കുറ്റം പറയാൻ. തന്റെ അവസ്ഥ എന്നും ഇതൊക്കെ തന്നെയല്ലേ. വെറുതെയൊരു വാശിക്കു സിനിമയ്ക്കു പോകണമെന്നു അവനു തോന്നി.

മാസത്തിൽ ഒരു ദിവസം റാഞ്ചി കമ്മ്യൂണിറ്റി ഹാളിൽ മലയാള സിനിമ പ്രദർശിപ്പിക്കുക പതിവാണ്. നല്ല പല സിനിമകളും അവിടെ പ്രദർശിപ്പിക്കാറുണ്ട്. നഗരത്തിലെ ഒട്ടുമിക്ക മലയാളി കുടുംബങ്ങളും സിനിമകാണാൻ അവിടെയെത്തും. നഗരത്തിലുള്ള മലയാളികൾക്കു ഒത്തുചേരാനുള്ള അവസരം കൂടിയാണ് അവിടം. ചേട്ടനും ജോലി കഴിഞ്ഞ് അവിടെ എത്തിയിട്ടുണ്ടാകും.

എന്തിനാണ് വെറുതെ വാശിപിടിക്കുന്നത്. കയ്യിലുള്ളതെല്ലാം കൂട്ടി വേണമെങ്കിൽ സിനിമയ്ക്കു ടിക്കറ്റെടുക്കാം. അതിന്റെ ആവശ്യമില്ല. പിടിച്ചുനിൽക്കാൻ സർക്കസ് നടത്തുന്നവന് എന്തു സിനിമ. ആഘോഷങ്ങളെല്ലാം തനിക്കന്യമാണ്. തിരക്കുകളിലും ബഹളങ്ങളിലും തന്റെയിടം ഏതെങ്കിലും അരികുകളിലായിരിക്കും. സോമന് ഉള്ളാലെ ചിരിവന്നു. ജീവിതത്തിന്റെ എല്ലാ പാതയോരങ്ങളിലും അകറ്റിനിർത്തപ്പെട്ടവന്റെ വേദന മാത്രമെ താൻ അറിഞ്ഞിട്ടുള്ളൂ. ഇതിനിടെ ഓമന മാത്രം. വല്ലാത്തൊരു തണലായി മനസിൽ നിറയുന്നു. അറിയില്ല.. എത്ര കാലത്തേയ്ക്കെന്ന്. ജീവിതത്തിന്റെ കഠിന വഴികളിൽ അവളും തന്നിൽനിന്ന് അകന്നുപോകുമോ. കഴിഞ്ഞ കാലത്തിന്റെ ഓർമകളെല്ലാം അങ്ങിനെയാകുമെന്നാണ് പറയുന്നത്.

സോമൻ മൈതാനത്തിനരികിലെ മരച്ചുവട്ടിലിരുന്നു. മൈതാനത്ത് ആരുമില്ല. എല്ലാവരും സിനിമ കാണാൻ പോയിട്ടുണ്ടാകും. വെയിൽ ചാഞ്ഞു തുടങ്ങുന്നു. പുൽത്തലപ്പുകളെ തഴുകി ഇളംവെയിൽ മൈതാനത്ത് നിറഞ്ഞുപടർന്നു. സോമന്റെ കാഴ്ച വെയിൽ ലയിച്ചു.